**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 775** **02-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിലവിൽ എത്ര അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ടെന്നും പ്രസ്തുത തസ്തിയിലെ അനുവദനീയ കേഡർ സ്ട്രെങ്ത് എത്രയാണെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2007 ൽ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത് 162 ആണ്. അതിൽ 27 ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തേണ്ടവയാണ്. ബാക്കിയുള്ള 135 തസ്തികകളിൽ 132 തസ്തികകളും ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്. കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കിയ ശേഷം ആയത് 130 ആയി എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഒഴിഞ്ഞുകിടക്കുന്ന എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന 78 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പി.എസ്.സി. യുടെ കാറ്റഗറി നം.401/2019 പ്രകാരമുള്ള 08/2023/ഇ.ആർ. IV ബി റാങ്ക് ലിസ്റ്റിൽ നിന്ന് നിലവിൽ എത്ര ഒഴിവുകൾ നികത്തുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (സി) | പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാറ്റഗറി നം.401/2019 പ്രകാരമുള്ള 08/2023/ഇ.ആർ.IVബി റാങ്ക് ലിസ്റ്റിൽ നിന്നും 39 ഒഴിവുകൾ നികത്തുവാൻ കഴിയും |

സെക്ഷൻ ഓഫീസർ